പതിമൂന്നാം കേരളനിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 179 — 09.03.2015 ൽ മറുപടിക്ക്

## ആഭ്യന്തര വകപ്പിലെ പരിഷ്കാരങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.എ.അസീസ്<br>,, കോവൂർ കുഞ്ഞുമോൻ | ശ്രീ. രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആഭ്യന്തര വകപ്പിൽ നടപ്പിലാക്കിയിട്ടുള്ള പരിഷ്കാരങ്ങൾ എന്തൊക്കെയാണ്; | (എ) ആറ് വനിതാപോലീസ് സ്റ്റേഷനുകളടക്കം 19 പോലീസ് സ്റ്റേഷനുകൾ അനുവദിച്ചിട്ടുണ്ട്. ജില്ലാ ക്രൈം ഡിറ്റാച്ച്മെന്റ് വിഭാഗങ്ങൾ ജില്ലാ ക്രൈം ബ്രാഞ്ചായി ഉയർത്തിയിട്ടുണ്ട്. 3 എസ്.എം.എസ്. യൂണിറ്റുകളെ ചാർജിംഗ് പോലീസ് സ്റ്റേഷനുകളായി ഉയർത്തുകയും 5 എസ്.എം.എസ്. യൂണിറ്റുകൾ പുതുതായി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്ലാൻ സ്കീമിന്റെ ഭാഗമായി ലഭിച്ചിട്ടുള്ള തുക വിനിയോഗിച്ച് ജനമൈത്രി പദ്ധതി, സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി, ഫ്ലാഗ്ഷിപ്പ് പദ്ധതി എന്നിവ വിപുലപ്പെടുത്തിട്ടുണ്ട്. തിരുവനന്തപുരം ട്രാഫിക് പോലീസ് സ്റ്റേഷനെ അൾട്രാ മോഡേൺ ഹൈടെക് പോലീസ് സ്റ്റേഷനാക്കി ഉയർത്തിയിട്ടുണ്ട്. പൊതു സ്വകാര്യ പങ്കാളിത്തത്തോടുകൂടി ടെക്നോപാർക്കിൽ സൈബർ ഡോം തുടങ്ങുന്നതിനും കൊച്ചിയിൽ ഒരു റീജീയണൽ ഫോറൻസിക് സയൻസ് ലബോറട്ടറി തുടങ്ങുന്നതിനും ഭരണാനുമതി നൽകിയിട്ടുണ്ട്. പി.സി/എച്ച്.സി തസ്തികയിലുള്ള ഉദ്യോഗസ്ഥരുടെ യൂണിഫോം അലവൻസ് 2750 (രണ്ടായിരത്തി എഴുനൂറ്റിയൻപത്) രൂപയിൽ നിന്ന് 5000 (അയ്യായിരം) രൂപയായി ഉയർത്തിയിട്ടുണ്ട്. എ.എസ്.ഐ./എസ്.ഐ./സി.ഐ. മാർക്ക് 2800 (രണ്ടായിരത്ത് എണ്ണൂറ്) രൂപയിൽ |

നിന്നും 5100 (അയ്യായിരത്തി ഒരുന്നൂറ്) രൂപയായും ഡി.വൈ.എസ്.പി, എസ്.പി. (നോൺ ഐ.പി.എസ്) ഡെപ്യൂട്ടി കമാന്റന്റ് റാങ്കിലുള്ളവരുടെ യൂണിഫോം അലവൻസ് 3000 (മൂവായിരം) രൂപയിൽ നിന്നും 5250 (അയ്യായിരത്തി ഇരുന്നൂറ്റിയൻപത്) രൂപയായും ക്യാംപ് ഫോളോവർമാരുടേത് 2000 (രണ്ടായിരം) രൂപയിൽ ന്ന് 4000 (നാലായിരം) രൂപയായും വർദ്ധഷിച്ചിട്ടുണ്ട്. കൂടാതെ സർവ്വീസിൽ 27 വർഷം പൂർത്തിയാക്കിയ എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും 4-ാം സമയബന്ധിത ഹയർഗ്രേഡ് അനുവദിച്ചിട്ടുണ്ട്.

| | |
|---|---|
| (ബി) പോലീസ് സേനാംഗങ്ങളുടെ എണ്ണത്തിൽ വരുത്തിയിട്ടുളള വർധനവ് വ്യക്തമാക്കുമോ? | (ബി) സേനയുടെ അംഗബലം 4286 എണ്ണം കണ്ട് വർദ്ധിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

6